
നവംബർ 2025 | വാല്യം 17 | ലക്കം 11

# നിർമ്മലമാതാ വോയ്സ്

ഇടവക ബുള്ളറ്റിൻ



നിർമ്മല മാതാ ചർച്ച്, മൂവാറ്റുപുഴ ഈസ്റ്റ് -686 661. Tel: 2832581
(കോതമംഗലം രൂപത, മൂവാറ്റുപുഴ ഫൊറോന)

(For Private Circulation only)

## സ്നേഹ സ്മരണയ്ക്ക് 14.10.2025



**ബേബി മാത്യു**

**മണ്ണത്തൂക്കാരൻ**

## സ്നേഹ സ്മരണയ്ക്ക് 05.11.2024

**2-ാം ചരമവാർഷികം**



**ബേബി ജോസഫ്**

**കാളാംപറമ്പിൽ**

# നിർമ്മലമാതാ വോയ്സ്

NIRMALA MATHA VOICE

ഇടവക ബുള്ളറ്റിൻ

www.nirmalamathachurch.org

nirmalamathachurch@gmail.com

നവംബർ 2025 വാല്യം – 17, ലക്കം – 11





## വികാരി

**റവ. ഫാ. ജോർജ്ജ് വടക്കേൽ**

Ph : 0485 2955604, 9447386002

## കൈക്കാരന്മാർ

**ജെയിംസ് ജോസഫ് വടക്കേൽ** Ph: 9446762595, 9447694762

**ജോൺസൺ വി.എം. വെണ്ടർമ്യാലിൽ** Ph:9387823744

## അൾത്താര ശുശ്രൂഷി

**ജിതിൻ ബേബി പുത്തൻകുടിയിൽ** Ph: 7736509669, 7025366065

## എഡിറ്റോറിയൽ ബോർഡ്

*മാനേജിംഗ് എഡിറ്റർ :*

**റവ. ഫാ. ജോർജ്ജ് വടക്കേൽ**

*ചീഫ് എഡിറ്റർ*

**ജെയിംസ് വടക്കേൽ** Ph: 9446762595, 9447694762, 6282312349

email: jamesvadakkel@gmail.com

*എക്സിക്യൂട്ടീവ് എഡിറ്റേഴ്സ്*

**എൻ. ജോയി വടക്കേക്കര** Ph: 9495125346

*സബ് എഡിറ്റേഴ്സ്*

**ആന്റണി പുത്തൻപുര പുല്ലൻ** Ph:9447867202

**ജോൺസൺ വെണ്ടർമ്യാലിൽ** Ph:9387823744

**പി.ജെ.തോമസ് പൂനാട്ട്** Ph: 9846468106

**ജോസഫ് പീച്ചാട്ട്** Ph: 9447329181

**ജോർജ്ജ് മെതിപ്പാറ** Ph: 9388497918

**റ്റോമി മാറാമറ്റം** Ph: 8921998492, 9497283513

**സ്റ്റാൻലി പ്ലാക്കീൽ** Ph: 9447578828

## സഹായകസമിതി

*വാർഡ് പ്രസിഡന്റുമാർ:* 1) **ജോർജ് പേമലതുണ്ടത്തിൽ** Ph: 8075990134 2) **ജോസ് കാരികുന്നേൽ** Ph: 9400470540. 3) **വർഗീസ് വാഴയിൽ** Ph: 9447579336, 4) **ജോസ് തലയ്ക്കൽ** Ph: 9447875131. 5) **എബിൻ നെടുങ്ങാലിൽ** Ph: 9947665997. 6) **പി. ജെ. തോമസ് പൂനാട്ട്** Ph: 9846468106 7) **ജോസഫ് പുത്തനങ്ങാടി** Ph: 9447997749. 8) **ബേബി പുത്തൻകുടിയിൽ** Ph: 8606189901. 9) **ഷാബു അരയത്തിനാൽ** Ph: 8891332995. 10) **വി. വി. ജോസ് വെളിയപ്പിള്ളിൽ** Ph: 9947404670.



നിർമ്മലാംബികേ
ഞങ്ങൾക്കുവേണ്ടി
അപേക്ഷിക്കണമേ

*പേജുകളിലൂടെ...*


**3** സന്ദേശം

**5** വി. കുർബ്ബാന – വിശ്വാസത്തിന്റെ ആഘോഷം

**8** വിശുദ്ധരുടെ പാതയിലൂടെ

**10** ബൈബിൾ ക്വിസ്

**12** വാർഡ് വാർത്തകൾ

**17** ദേവാലയ വായനകൾ

**19** വാർഡ് വാർത്താ ഭവനങ്ങൾ –
വിശുദ്ധ ഗ്രന്ഥ വായനകൾ


മുഖച്ചിത്രം :

**വി. കാർലോ അക്കുത്തിസ്**

# വികാരിയച്ചന്റെ സന്ദേശം

## *വിശ്വാസത്തിൽ അധിഷ്ഠിതമായ സഭ*



പള്ളിക്കൂദാശക്കാലം യേശു തന്റെ മണവാട്ടിയായ പള്ളിയെ (സഭയെ) കൂദാശ ചെയ്ത് (വിശുദ്ധീകരിച്ച്) (എഫേ 5:25-27) യുഗാന്ത്യത്തിൽ സ്വർഗ്ഗ സന്തോഷത്തിന് അർഹയാക്കുന്ന രക്ഷാകര സംഭവം അനുസ്മരിപ്പിക്കുകയും അനുഭവവേദ്യമാക്കുകയും ചെയ്യുന്നതിനെ സൂചിപ്പിക്കുന്നു.

ആരിലാണ് അഥവാ എന്തിലാണ് പള്ളി അല്ലെങ്കിൽ സഭ സ്ഥാപിക്കപ്പെട്ടിരിക്കുന്നത് ? നിയതമായ അർത്ഥത്തിൽ ദൈവമാകുന്ന പാറയിൽ (നിയ 32:431, സങ്കീ 18:2-31) യേശുവാകുന്ന അടിത്തറയിൽ (1 കോറി 3:11) പരിശുദ്ധാത്മാവാകുന്ന ശക്തിയിൽ (നട 1:8, 2:37-42) സ്ഥാപിക്കപ്പെട്ട സൗധമാണ് സഭ. അപ്പസ്തോലന്മാരും പ്രവാചകരും ദൈവജനവും ഈ സൗധത്തിലെ സജീവ ശിലകളാണ് (1 പത്രോസ് 2:4-8). എന്നാൽ കേവലമായ അർത്ഥത്തിൽ പറഞ്ഞാൽ പത്രോസാകുന്ന പാറമേൽ പണിയപ്പെട്ട സൗധമാണ് സഭ. അപ്പസ്തോലന്മാരും പ്രവാചകരുമാണ് അതിന്റെ അടിത്തറ. ജനങ്ങളാണ് ശിലകൾ. യേശുവാണ് ഈ സൗധത്തിലുള്ള സജീവ ശിലകളെയെല്ലാം കൂട്ടിയിണക്കുകയും ബലപ്പെടുത്തുകയും ചെയ്യുന്ന മൂലക്കല്ല്. പരിശുദ്ധാത്മാവാണ് ഈ സൗധത്തെ ദൈവത്തിന്റെ ആലയമായി പരിണമിപ്പിക്കുന്നത് (എഫേ 2:20-21)

പത്രോസാകുന്ന പാറമേലാണ് പള്ളി പണിയപ്പെട്ടിരിക്കുന്നത്. ശിഷ്യ പ്രമുഖനായ ശിമയോന് യേശു നൽകിയ പത്രോസ് എന്ന പേരിന്റെ അർത്ഥവ്യാപ്തി, താൻ ആരാണ് എന്ന യേശുവിന്റെ ചോദ്യവും അതിന് ശിമയോൻ നൽകുന്ന ഉത്തരവും വ്യക്തമാക്കുന്നുണ്ട്. നീ സജീവനായ ദൈവത്തിന്റെ പുത്രനായ മിശിഹയാകുന്നു എന്ന അറിവ് സ്വർഗ്ഗസ്ഥനായ പിതാവിന്റെ വെളിപാട് മൂലമാണ് ലഭിച്ചത് എന്ന് യേശു പറഞ്ഞു. "ഈ പാറമേൽ എന്റെ പള്ളി ഞാൻ സ്ഥാപിക്കും. നരകവാടങ്ങൾ അതിനെതിരെ പ്രബലപ്പെടുകയില്ല. സ്വർഗ്ഗരാജ്യത്തിന്റെ അധികാരം ഞാൻ നിനക്കു തരും. നീ ഭൂമിയിൽ അരുതെന്ന് വിലക്കുന്നത് സ്വർഗ്ഗത്തിലും അരുതാത്തതായിരിക്കും. നീ ഭൂമിയിൽ അനുവദിക്കുന്നത് സ്വർഗ്ഗത്തിലും അനുവദനീയമായിരിക്കും". (മത്താ 16:18-20)

പാറ എന്ന പദം ശിമയോൻ എന്ന വ്യക്തിക്കുപകരവും ശിമയോനിലൂടെ പ്രഘോഷിക്കപ്പെടുന്ന വിശ്വാസത്തിന് പകരമായും നിൽക്കുന്നു. ശിമയോനെപ്പോലെ പാറപോലെയുള്ള വിശ്വാസമാണ് നാം ഓരോരുത്തരെയും സഭാ സൗധത്തിലെ സജീവ ശിലകളാക്കുന്നത്. യേശുവിനെ സജീവ ദൈവത്തിന്റെ പുത്രനായ മിശിഹായായി, രക്ഷകനായി അനുഭവിച്ചറിയാനും ഏറ്റുപറയാനും നമുക്ക് കഴിയണം. ധൈര്യപൂർവ്വം യേശുവിന്റെ രക്ഷാകരനാമം പത്രോസ് പ്രഘോഷിച്ചു."മറ്റാരിലും രക്ഷയില്ല. ആകാശത്തിന്റെ കീഴെ മനുഷ്യരുടെയിടയിൽ നമ്മുടെ രക്ഷക്കായി മറ്റൊരു നാമവും നൽകപ്പെട്ടിട്ടില്ല" (നട 4:12). സഭാംഗങ്ങളായ നാമും ശിമയോന്റേതുപോലുള്ള വിശ്വാസത്തിന് ഉടമകളാകണം.

എന്താണ് വിശ്വസിക്കുക എന്നതിന്റെ അർത്ഥം? യേശുവിൽ ആയിരിക്കുക, നവ സൃഷ്ടിയായി മാറുക, യേശുവിനുവേണ്ടി ജീവിക്കുക എന്നൊക്കെയാണ്. വി.പൗലോസ് ശ്ലീഹാ പറയുന്നു "ക്രിസ്തുവിൽ ആയിരിക്കുന്നവൻ പുതിയ സൃഷ്ടിയാണ്. പഴയതു കടന്നു പോയി. ഇതാ പുതിയതു വന്നു കഴിഞ്ഞു" (2 കൊറി 5:17). ദൈവവചനത്തിന്റെ ശക്തിയും പരിശുദ്ധാത്മാവിന്റെ ചൈതന്യവും യേശുവിൽ വിശ്വസിക്കുന്നവരെ സ്വാർത്ഥരഹിതരായ, യേശുവിന് വേണ്ടി മാത്രം ജീവിക്കുന്ന പുതിയ വ്യക്തികളാക്കി മാറ്റും (റോമ 14:7 - 9).

പ്രഥമ മാർപാപ്പയെന്ന നിലയിൽ ശിമയോൻ പത്രോസിന് യേശു നൽകിയ പ്രാമുഖ്യവും അധികാരവും വ്യക്തമാണ്. 'താക്കോൽ' നൽകുന്നത് സേവനത്തിനുള്ള 'അധികാരം' നൽകുന്നതിന്റെ അടയാളമാണ്. ദാവീദിന്റെ പുത്രനും ഇസ്രായേലിന്റെ രാജാവുമായ യേശു താൻ സ്ഥാപിക്കുന്ന രാജ്യത്തിൽ സേവനത്തിനുള്ള അധികാരത്തിന്റെ (മത്താ 20:25 - 28) താക്കോൽക്കാരനായിട്ട് കാര്യ വിചാരിപ്പുകാരനായിട്ട് ശിമയോൻ പത്രോസിനെ നിയമിക്കുകയാണ്. സ്വർഗ്ഗരാജ്യത്തിന്റെ താക്കോൽ പത്രോസിനു നൽകുന്നതിലൂടെ ഭൂമിയിലുള്ള തന്റെ രാജ്യത്തിന്റെ പ്രധാന ശുശ്രൂഷയും (Prime Minister) പാലകനുമായി (Administrator) യേശു പത്രോസിനെ നിയമിച്ചു. ശിമയോൻ പത്രോസിന് കൊടുക്കുന്ന താക്കോൽ പത്രോസിനും അദ്ദേഹത്തിന്റെ പിൻഗാമികളായ മാർപാപ്പമാർക്കും ലഭിച്ചിട്ടുള്ള പ്രാമുഖ്യത്തിന്റെയും അജപാലന ശുശ്രൂഷാധികാരത്തിന്റെയും അടയാളമാണ്.

രക്ഷിക്കപ്പെടാൻ യേശുവിലുള്ള വിശ്വാസം പോരേ എന്തിന് സഭയിൽ അംഗമാകണം ? എന്ന് ചോദിക്കുന്നവരുണ്ട്. ഒന്ന് മറ്റൊന്നിൽ നിന്നും വ്യത്യസ്ഥമല്ല എന്നും രണ്ടും വേണം എന്ന് നാം മനസ്സിലാക്കണം. യേശുവിൽ വിശ്വസിച്ച് നവീകരിക്കപ്പെട്ട് പുതിയ വ്യക്തികളായി യേശുവിനുവേണ്ടി ജീവിക്കുന്നവരായി നാം മാറണം. അതേ സമയം ഭൂമിയിലെ അവിടുത്തെ രാജ്യത്തിലെ സഭാ കൂട്ടായ്മയിലെ സജീവാംഗങ്ങളായി നാം മാറുകയും വേണം. പത്രോസിലും പിൻഗാമികളിലും അധിഷ്ഠിതമല്ലാത്ത ഒരു സഭാ കൂട്ടായ്മയില്ല. കാരണം തന്റെ രാജ്യത്തിന്റെ പ്രധാന ശുശ്രൂഷകനും കാര്യവിചാരക്കാരനുമായി യേശു നിയമിച്ചിരിക്കുന്നത് പത്രോസിനെയാണ്. പത്രോസിലൂടെ അദ്ദേഹത്തിന്റെ പിൻഗാമികളായ മാർപാപ്പമാരെയും. അതിനാൽ യേശുവിലുള്ള വിശ്വാസംപോലെ പ്രധാനപ്പെട്ടതു തന്നെ സഭയോടുള്ള കൂട്ടായ്മയും. രണ്ടും രക്ഷയ്ക്കാവശ്യമാണ്.

പള്ളിക്കൂദാശക്കാലത്ത് യേശുവിലുള്ള വിശ്വാസത്തിൽ ആഴപ്പെട്ടുകൊണ്ട് നമുക്ക് നവീകരിക്കപ്പെട്ട, കൂദാശ ചെയ്യപ്പെട്ട, ശുദ്ധീകരിക്കപ്പെട്ട വ്യക്തികളായി മാറാം. സഭയുടെ പ്രധാന ശുശ്രൂഷകനായ മാർപാപ്പയോടുള്ള വിധേയത്വത്തിൽ ഉത്തമ സഭാംഗങ്ങളായി മാറാം.

സ്നേഹപൂർവ്വം
നിങ്ങളുടെ വികാരി അച്ചൻ

ഫാ. ജോർജ്ജ് വടക്കേൽ

# വി. കുർബാന വിശ്വാസത്തിന്റെ ആഘോഷം

കൂദാശകളുടെയെല്ലാം കേന്ദ്രം എന്നറിയപ്പെടുന്നതും കൂദാശകളുടെ കൂദാശ എന്നറിയപ്പെടുന്നതും വിശുദ്ധ കുർബാനയാണ്. വിശുദ്ധ കുർബാനയിൽ നമ്മളെല്ലാവരും ഏറ്റവും ഭക്തിപൂർവ്വം പങ്കെടുക്കുകയും ആഘോഷമായി അർപ്പിക്കുകയും ചെയ്യുന്നത് അത് ഏറ്റവും പ്രധാനപ്പെട്ട കൂദാശയായതിനാലാണ്. അതുകൊണ്ടാണ് ഞായറാഴ്ചകളിലും കടമുള്ള ദിവസങ്ങളിലും ആഘോഷമായ കുർബാന സ്വീകരണം നടത്തിയിരിക്കുന്ന എല്ലാവരും വിശുദ്ധ ബലിയിൽ പങ്കെടുക്കണമെന്ന് സഭ ഓർമ്മപ്പെടുത്തുന്നത്.

ചിലപ്പോഴെങ്കിലും വി. കുർബാനയിൽ പങ്കെടുക്കുമ്പോൾ നമ്മൾ ചിന്തിക്കാറുണ്ട് എന്തിനാണ് വി.കുർബാനയിൽ ഇടയ്ക്ക് നിൽക്കുകയും ഇരിക്കുകയും മുട്ടുകുത്തുകയും ഒക്കെ ചെയ്യുന്നതെന്ന്. മുഴുവൻ കുർബാനയിലും ഇരുന്നുകൊണ്ട് പങ്കെടുക്കാൻ സാധിക്കുകയാണെങ്കിൽ അതല്ലേ കൂടുതൽ നല്ലത്? നമ്മുടെ സൗകര്യത്തിന് അനുസരിച്ച് പങ്കെടുക്കാൻ അവസരം ലഭിക്കുകയാണെങ്കിൽ കൂടുതൽ എളുപ്പമായിരുന്നില്ലേ എന്ന് നമ്മളും ചിന്തിച്ചിട്ടുണ്ടാകും. ഇത്തരം ചോദ്യങ്ങൾക്കുള്ള മറുപടി ചേർത്തുകൊണ്ട് വി. കുർബാനയെക്കുറിച്ചുള്ള അല്പം അറിവുകൾ ആകാം.

സീറോ മലബാർ സഭയുടെ വി. കുർബാനയ്ക്ക് മൂന്ന് പ്രധാനപ്പെട്ട രൂപങ്ങൾ ആണുള്ളത്. സാധാരണക്രമം ആഘോഷമായിട്ടുള്ള ക്രമം. ഏറ്റവും ആഘോഷമായ ക്രമം അഥവാ റാസാക്രമം. ഇട ദിവസങ്ങളിൽ നമ്മൾ അർപ്പിക്കുന്ന വി.കുർബാനയുടെ രൂപമാണ് സാധാരണ ക്രമം. ഞായറാഴ്ചകളിലും കടമുള്ള ദിവസങ്ങളിലും പൊതുവേ നമ്മൾ ആഘോഷകമായ ക്രമമാണ് അർപ്പിക്കുന്നത്. ധൂപാർപ്പണവും ആഘോഷമായ പാട്ടുകളും ഉൾക്കൊള്ളുന്നതാണ് ആഘോഷകമായ കർമ്മം, വളരെ വിശേഷപ്പെട്ട ദിവസങ്ങളിൽ മാത്രം അർപ്പിക്കുന്നതാണ് റാസാക്രമം. റാസാക്രമത്തിൽ നാല് വൈദികർ ഉണ്ടായിരിക്കണം. നാലു വൈദികർ ഇല്ലെങ്കിൽ ഇല്ലെങ്കിൽ രണ്ടു വൈദികരും രണ്ട് ഡീക്കന്മാരും ഉണ്ടായിരിക്കണം.

വിശുദ്ധ കുർബാനയിൽ നമ്മൾ സ്വീകരിക്കുന്ന നിലപാടുകളെക്കുറിച്ച് ഒന്ന് ചിന്തിക്കാം. നിൽക്കുക, ഇരിക്കുക, മുട്ടുകുത്തുക, കുമ്പിടുക എന്നിവയാണ് വിശുദ്ധ കുർബാനയിലെ പൊതുവായ നിലപാടുകൾ. എന്തിനാണ് നിൽക്കുകയും ഇരിക്കുകയും മുട്ടുകുത്തുകയും ഒക്കെ ചെയ്യുന്നത് എന്നതിനെക്കുറിച്ച് കൃത്യമായ വിശദീകരണങ്ങളുണ്ട്. വിശുദ്ധ കുർബാനയുടെ ആരംഭം മുതൽ വചനവായനകൾ വരെയുള്ള സമയത്താണ് നിന്നുകൊണ്ട് വിശുദ്ധ കുർബാനയിൽ പങ്കെടുക്കുന്നത്. ദൈവത്തോടുള്ള ഭക്തിയുടെയും നന്ദി പ്രകാശനത്തിന്റെയും സൂചനയാണ് നിന്നുകൊണ്ട് പ്രാർത്ഥനകളിൽ പങ്കെടുക്കുന്നത് ഓർമ്മപ്പെടുത്തുന്നത്. പഴയ നിയമ വായനകളുടെയും ലേഖനവായനയുടെ സമയത്തും ഇരുന്നുകൊണ്ടാണ് നമ്മൾ വചനം ശ്രവിക്കുന്നത്. ദൈവവചനം ഭക്തിപൂർവ്വം ശ്രവിക്കുന്നതിന്റെ ഓർമ്മപ്പെടുത്തലാണ് ഈ നിലപാട് സൂചിപ്പിക്കുന്നത്. സുവിശേഷ വായനയുടെ സമയത്ത് നമ്മൾ നിന്നുകൊണ്ട് സുവിശേഷം ശ്രവിക്കുന്നു. വചനമായ ഈശോയെ നമ്മൾ സ്വീകരിക്കുന്നതിന്റെ ഓർമ്മപ്പെടുത്തലാണ് ഇത്. തുടർന്ന് കാറോസൂസ പ്രാർത്ഥനകളിൽ നിന്നുകൊണ്ട് പങ്കെടുക്കുകയും അതേ തുടർന്ന് ദിവ്യകാരുണ്യഗീതം മുതൽ വിശ്വാസപ്രമാണം വരെയുള്ള സമയത്ത് ഇരുന്നുകൊണ്ട് നമ്മൾ പങ്കുചേരുകയാണ് ചെയ്യുന്നത്. വിശ്വാസപ്രമാണം മുതൽ ദൈവമേ അങ്ങയുടെ കാരുണ്യത്തിന് ഒത്തവിധം എന്നോട് ദയ തോന്നണമേ...എന്ന പ്രാർത്ഥനയുടെ സമയം വരെ നിന്നു കൊണ്ടാണ് നമ്മൾ പ്രാർത്ഥനകളിൽ പങ്കു ചേരുന്നത്. തുടർന്ന് ഈ പ്രാർത്ഥനയുടെ ആരംഭത്തോടെ നമ്മൾ മുട്ടുകുത്തി നിൽക്കുകയും തുടർന്ന് സ്വർഗ്ഗസ്ഥനായ പിതാവേ എന്ന പ്രാർത്ഥനയുടെ തൊട്ടു മുൻപുള്ള ആമുഖപ്രാർത്ഥന വരെ മുട്ടുകുത്തി നിന്നുകൊണ്ട് പങ്കുചേരുകയും ചെയ്യുന്നു. അനുതാപത്തിന്റെയും പ്രായശ്ചിത്തത്തിന്റെയും ഓർമ്മപ്പെടുത്തലാണ് മുട്ടുകുത്തൽ. തുടർന്നുള്ള പ്രാർത്ഥനകളിൽ നമ്മൾ നിന്നുകൊണ്ട് പങ്കുചേരുകയും ആശീർവാദം സ്വീകരിക്കുകയും ചെയ്യുന്നു. ആശീർവാദ

പ്രാർത്ഥനകളുടെ സമയത്ത് നമ്മൾ തലകുനിച്ചുകൊണ്ട് ആശീർവാദം സ്വീകരിക്കുകയും സമാധാനം ആശംസിക്കുന്ന വേളയിൽ നമ്മുടെ മേൽ തന്നെ കുരിശടയാളം വരച്ചുകൊണ്ട് സമാധാനം സ്വീകരിക്കുകയും ചെയ്യുന്നു. വിശുദ്ധ കുരിശിന്റെ അടയാളത്താൽ നമ്മെ തന്നെ വിശുദ്ധീകരിക്കുന്നതിന്റെ ഓർമ്മപ്പെടുത്തലാണ് നമ്മുടെ മേൽ കുരിശടയാളം വരക്കുന്നത്. വചന വായനകൾക്കും പ്രത്യേകമായ സ്ഥലങ്ങൾ ക്രമീകരിച്ചിട്ടുണ്ട്. പഴയ നിയമ വായനകൾ ഇടതുഭാഗത്ത് നിന്നുകൊണ്ടും ലേഖനം വലതുവശത്തു നിന്നകൊണ്ടുമാണ് വായിക്കുന്നത്. വി.കുർബാനയിൽ അഞ്ചു പ്രാവശ്യം ധൂപാർപ്പണം നടത്തുന്നുണ്ട്. നമ്മുടെ പ്രാർത്ഥനകൾ മുകളിലേക്ക് ഉയരുന്ന ധൂപം പോലെ ദൈവസന്നിധിയിലേക്ക് ഉയരട്ടെ എന്നതാണ് ധൂപാർപ്പണം അനുസ്മരിപ്പിക്കുന്നത്.

ഇപ്രകാരം വിശുദ്ധ കുർബാനയ്ക്ക് കൃത്യമായ നിലപാടുകൾ ക്രമീകരിച്ചിരിക്കുന്നത് ആ നിലപാടുകൾക്ക് അനുസരിച്ച് ഭക്തിപൂർവ്വം വിശുദ്ധ ബലിയിൽ പങ്കുചേരുന്നതിന് വേണ്ടിയാണ്. സഭയുടെ പൊതുവായ ഒരു ആഘോഷം എന്ന നിലയിൽ ഈ നിലപാടുകൾ അനുസരിച്ചാണ് വിശുദ്ധ കുർബാനയിൽ നമ്മളും പങ്കുചേരേണ്ടത്. നമ്മുടെ ഭവനങ്ങളിൽ പ്രാർത്ഥിക്കുമ്പോൾ നിൽക്കുകയോ ഇരിക്കുകയോ മുട്ടുകുത്തുകയോ ചെയ്യണമെന്നത് നമ്മുടെ സ്വാതന്ത്ര്യമാണ്. എന്നാൽ പൊതുവായ കൂദാശകളിൽ പങ്കെടുക്കുന്ന വേളയിൽ ഏത് നിലപാടാണ് സ്വീകരിക്കണമെന്നത് സഭയാണ് അനുശാസിക്കുന്നത്.

സഭ അനുശാസിക്കുന്നതുപോലെയുള്ള നിലപാടുകൾ സ്വീകരിക്കുമ്പോൾ ചെറിയൊരു ത്യാഗം കൂടി നമ്മൾ ഏറ്റെടുക്കേണ്ടതായി വരുന്നു. അതാണ് വിശുദ്ധ കുർബാന ഭക്തിപൂർവ്വം അർപ്പിക്കുന്നതിനായി നമ്മുടെ ഭാഗത്ത് നിന്നുമുള്ള സമർപ്പണം. ഈ ഒരു മനോഭാവത്തോടെ ഭക്തിപൂർവ്വം വിശുദ്ധ ബലിയിൽ പങ്കെടുക്കാനും അനുഗ്രഹങ്ങൾ പ്രാപിക്കാനും നമുക്ക് സാധിക്കട്ടെ.

കടപ്പാട് (ചെറുസൂനം ആഗസ്റ്റ് 2025)

*വിശുദ്ധരുടെ പാതയിലൂടെ*

# വി. കാർലോ അക്കുത്തിസ്

അൻഡ്രേയ അക്കുത്തിസ് ആന്റോണിയാ സൽസാനോ ദമ്പതികളുടെ മകനായി 1991 മെയ് മൂന്നിന് ലണ്ടനിലാണ് കാർലോ അക്കുത്തിസ് ജനിച്ചത്. ലണ്ടനിലും ജർമനിയിലുമായി ജോലി ചെയ്തിരുന്ന ഇവർ, കാർലോയുടെ ജനനത്തിനുശേഷം മിലാനിൽ സ്ഥിരതാമസമാക്കുകയായിരുന്നു. കുട്ടിക്കാലം മുതൽ പരിശുദ്ധ അമ്മയോടുള്ള ഭക്തി പ്രകടിപ്പിച്ചിരുന്ന കാർലോ ആറാമത്തെ വയസിലാണ് ദിവ്യകാരുണ്യം സ്വീകരിക്കണമെന്ന ആഗ്രഹം മാതാപിതാക്കളെ അറിയിക്കുന്നത്. കത്തോലിക്കരാണെങ്കിലും വിശ്വാസജീവിതത്തിന് വലിയ പ്രാധാന്യമൊന്നും കൽപ്പിക്കാത്തവരായിരുന്നു മാതാപിതാക്കൾ.

എങ്കിലും മകന്റെ ആഗ്രഹം സാധ്യമാകാൻ ഇടവക വികാരി ഫാ. ആൽഡോ ലോക്കറ്റെല്ലിയെ സമീപിച്ചു. ആറ് വയസ് എന്നത് കുർബാന സ്വീകരണത്തിന് സാധാരണഗതിയിൽ അനുവദനീയമല്ലാത്തതിനാൽ അദ്ദേഹം രൂപതാധികാരികളോട് അനുവാദം തേടി. കുട്ടിയുടെ ആത്മീയ പക്വതയും ക്രിസ്തീയ രൂപീകരണവും ഉറപ്പാക്കിയശേഷം അനുമതി ലഭിച്ചതിലൂടെ ഏഴാം വയസ്സിൽ കാർലോ ദിവ്യകാരുണ്യനാഥനെ ആദ്യമായി രുചിച്ചറിഞ്ഞു. 1998 ജൂൺ 16 ആയിരുന്നു ആ സുദിനം. അന്നുമുതൽ, പരിശുദ്ധ കുർബാനയോടുള്ള വലിയ സ്നേഹം കാർലോയിൽ വളർന്നു.

അനുദിനം പരിശുദ്ധ കുർബാന സ്വീകരിച്ച കാർലോ ദിവ്യബലിക്കുമുമ്പോ ശേഷമോ അരമണിക്കൂർ ദിവ്യകാരുണ്യ ആരാധനയിൽ പങ്കെടുക്കുന്നതും ശീലമാക്കി. പ്രാർത്ഥനയുടെ ഈ നിമിഷങ്ങൾ അവൻ യേശുവിന്റെ മുമ്പാകെ നിൽക്കുന്നതിലൂടെ ഒരു വിശുദ്ധനാകുമെന്ന് അവനു ബോധ്യമായി. പരിശുദ്ധ കുർബാനയെ 'സ്വർഗത്തിലേക്കുള്ള എന്റെ ഹൈവേ' എന്നാണ് കാർലോ വിശേഷിപ്പിച്ചത്. ആഴ്ചയിലൊരിക്കൽ കുമ്പസാരിക്കുന്നത് ശീലമാക്കിയ കാർലോ ഇടവക പ്രവർത്തനങ്ങളിലും സജീവമായി പങ്കെടുക്കുകയും ചെയ്തു.

അസീസിയിലായിരുന്നു അവന്റെ സ്കൂൾ പഠനം. ഈശോയോടുണ്ടായിരുന്ന സ്നേഹവും ഭക്തിയും കാർലോയെ സമപ്രായക്കാരിൽ നിന്ന് വ്യത്യസ്തനാക്കി. വിവാഹബന്ധം വേർപ്പെടുത്തിയവരുടെ മക്കളായ കൂട്ടുകാരെ പ്രത്യേകം കരുതിയ കാർലോ അവരെ തന്റെ വീട്ടിലേക്ക് ക്ഷണിക്കുന്നതും അവർക്കൊപ്പം സമയം ചെലവിടുന്നതും പതിവായിരുന്നു. അതുപോലെ, ഭിന്നശേഷിക്കാരായ കുട്ടികളുമായി സൗഹൃദം ഉണ്ടാക്കുന്നതിലും അവരെ കളിയാക്കുന്നവരെ സ്നേഹത്തോടെ തിരുത്തുന്നതിലും കാർലോ ശ്രദ്ധവെച്ചു.

കളിക്കളത്തിൽ ഫുട്ബോൾ കളിക്കാൻ ഇഷ്ടപ്പെട്ട കാർലോയ്ക്ക് വീഡിയോ ഗെയിമുകളോട് പ്രത്യേക കമ്പം തന്നെയുണ്ടായിരുന്നു. എങ്കിലും ആത്മീയമായ അച്ചടക്കം ഉറപ്പാക്കാൻ നിശ്ചയിക്കപ്പെട്ട സമയത്തിനപ്പുറത്തേക്ക് വീഡിയോ ഗെയിം നീളാതിരിക്കാനും അവൻ ശ്രദ്ധിച്ചു. കംപ്യൂട്ടർ

പ്രോഗ്രാമിനോട് കൂടുതൽ താൽപ്പര്യം വളർന്നതും ഇക്കാലത്താണ്. കംപ്യൂട്ടറുമായി ബന്ധപ്പെട്ട സാങ്കേതിക കാര്യങ്ങളിൽ അതിവേഗം പ്രതിഭാശാലിയായി മാറിയ അവൻ, ആ കഴിവും ദൈവത്തിന്റെ മഹത്വത്തിനു വേണ്ടി വിനിയോഗിക്കാനാണ് ആഗ്രഹിച്ചത്.

11-ാം വയസ്സിൽ വിശുദ്ധ കുർബാനയുടെ അത്ഭുതങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ അവൻ കംപ്യൂട്ടറിൽ ശേഖരിക്കാൻ തുടങ്ങി. അതിനായി ദിവ്യകാരുണ്യ അത്ഭുതങ്ങൾ നടന്ന സ്ഥലങ്ങളിൽ തന്നെ കൊണ്ടുപോകണമെന്ന് കാർലോ മാതാപിതാക്കളോട് ആവശ്യപ്പെട്ടു. രണ്ടര വർഷത്തെ പ്രയത്നത്തിനൊടുവിൽ, നൂറ്റാണ്ടുകളായി വിവിധ രാജ്യങ്ങളിൽ സംഭവിച്ചതും സഭ അംഗീകരിച്ചതുമായ 136 ദിവ്യകാരുണ്യ അത്ഭുതങ്ങളാണ് അക്യുറ്റിസ് ശേഖരിച്ച് ഒരു വെബ്സൈറ്റും തയാറാക്കി. അഞ്ചു ഭൂഖണ്ഡങ്ങളിൽ വെർചൽ ലൈബ്രറിയുടെ പ്രദർശനവും നടത്തി.

കൂടാതെ, കത്തോലിക്കാ സഭ അംഗീകരിച്ച മരിയൻ പ്രത്യക്ഷീകരണങ്ങളെയും മരിയൻ തീർത്ഥാടന കേന്ദ്രങ്ങളെക്കുറിച്ചും കാർലോ തന്റെ വെബ്സൈറ്റിൽ രേഖപ്പെടുത്തി. ഇവയ്ക്കുപുറമേ സ്വർഗം, നരകം, ശുദ്ധീകരണ സ്ഥലം എന്നിവയെക്കുറിച്ചുള്ള കത്തോലിക്കാസഭയുടെ പ്രബോധനങ്ങളും മാലാഖമാരുടെ പ്രത്യക്ഷീകരണം, പിശാചിന്റെ പ്രലോഭനങ്ങൾ എന്നിവയെക്കുറിച്ചുള്ള വിവരണങ്ങളും വെബ്സൈറ്റിൽ കാർലോ ഉൾപ്പെടുത്തിയിട്ടുണ്ട്.

ലുക്കീമിയ സ്ഥിരീകരിക്കുകയും അതിന്റെ ക്ലേശദിനങ്ങളിലൂടെ കടന്നുപോകുകയും ചെയ്യുമ്പോഴായിരുന്നു മിക്കവാറും യാത്രകൾ. എങ്കിലും ദുഃഖത്തിന്റെ ലാഞ്ചനപോലും കാർലോ പ്രകടിപ്പിച്ചില്ല. തന്റെ സഹനങ്ങൾ ക്രിസ്തുവിനെപ്രതി സഭയ്ക്കുവേണ്ടിയും പാപ്പയ്ക്കുവേണ്ടിയും സമർപ്പിക്കുന്നുവെന്നാണ് കാർലോ പറഞ്ഞത്. ദൈവത്തിനിഷ്ടമില്ലാത്ത കാര്യത്തിനായി ഒരു മിനിറ്റുപോലും നഷ്ടപ്പെടുത്താതെ ജീവിച്ചതിനാൽ തനിക്കു മരിക്കാൻ മടിയില്ലെന്ന് വെളിപ്പെടുത്തിയിട്ടുമുണ്ട് കാർലോ.

2006 ഒക്ടോബർ 12 ന് കാർലോ ഈ ലോകത്തിൽ നിന്ന് ദൈവസന്നിധിയിലേക്ക് യാത്രയായി. അദ്ദേഹത്തിന്റെ ആഗ്രഹംപോലെ, താൻ ദിവ്യകാരുണ്യ സന്നിധിയിൽ ചെലവിട്ട അസീസിയിൽ തന്നെയാണ് അന്ത്യവിശ്രമം ഒരുക്കിയത്. ലൊമ്പാർഡ് എപ്പിസ്കോപ്പൽ കോൺഫെറൻസ് 2013-ലാണ് നാമകരണ നടപടികൾ ആരംഭിച്ചത്. 2018ൽ ഫ്രാൻസിസ് പാപ്പ ധന്യരുടെ നിരയിലേക്ക് ഉയർത്തി. ബ്രസീലിലെ മാത്യൂസ് വിയന്ന എന്ന രണ്ടു വയസുകാരന് കാർലോയുടെ മാധ്യസ്ഥത്താൽ ലഭിച്ച അത്ഭുത സൗഖ്യമാണ് വാഴ്ത്തപ്പെട്ട പദവിക്ക് വഴിയൊരുക്കിയത്. 2025 സെപ്റ്റംബർ 7 ന് ലെയോ പതിനാലാമൻ മാർപാപ്പ കാർലോയെ വിശുദ്ധനായി പ്രഖ്യാപിച്ചു.

വി. കാർലോയെപോലെ നമുക്കും വിശുദ്ധിയിൽ ജീവിക്കാം.

ആ പുണ്യാത്മാവിന്റെ മാദ്ധ്യസ്ഥം അപേക്ഷിക്കാം.

# ബൈബിൾ ക്വിസ്സ്




2

**ലോഗോസ് ക്വിസ് 26 സെപ്റ്റംബർ 27, 2026 (രജിസ്ട്രേഷൻ) – ജൂൺ 1, 2026 – ജൂലൈ 31, 2026**

26-ാം അഖില കേരള രൂപതാതല ലോഗോസ് ക്വിസ് 2026 സെപ്റ്റംബർ 27 ന് നടക്കുന്നു. പാഠഭാഗം -റൂത്ത് 1-4, സഭാ പ്രസംഗകൻ 1-6, വി.യോഹ 1-12, ഗലാത്തിയ 1-6, 1 സാമുവേൽ 1-7. ഇനിയുള്ള 15 ചോദ്യങ്ങൾ ഈ പാഠഭാഗങ്ങൾ അടിസ്ഥാനമാക്കിയും 5 ചോദ്യങ്ങൾ ബുള്ളറ്റിനിലെ ലേഖനങ്ങൾ അടിസ്ഥാനമാക്കിയുള്ളതാണ്. 20-ാം തീയതിക്ക് മുമ്പായി ഉത്തരങ്ങൾ എഴുതി പള്ളിയുടെ മോണ്ടളത്തിൽ സ്ഥാപിച്ചിരിക്കുന്ന ബോക്സിൽ നിക്ഷേപിക്കുക. ശരിയുത്തരം നൽകുന്നവരിൽ നിന്നും നറുക്കെടുത്ത് 2 പേർക്ക് 100 രൂപ വീതവും മറ്റുള്ളവർക്ക് പ്രോത്സാഹന സമ്മാനവും നൽകുന്നതാണ്.

## ബൈബിൾ ക്വിസ് 2 ചോദ്യങ്ങൾ

### വി. യോഹന്നാൻ 4-6 അദ്ധ്യായങ്ങൾ

1. യാക്കോബ് തന്റെ മകൻ ജോസഫിനു നൽകിയ വയലിനടുത്താണ് ഈ പട്ടണം. ഏത് പട്ടണം ?
2. യാത്ര ചെയ്തു ക്ഷീണിച്ച യേശു ഇരുന്ന കിണർ ആരുടേതായിരുന്നു. ?
3. ഗലീലിയിലെ കാനായിൽ വന്നപ്പോൾ യേശു പ്രവർത്തിച്ച രണ്ടാമത്തെ അടയാളം ഏത് ?
4. ദൈവം ആത്മാവാണ്. അവിടുത്തെ ആരാധിക്കുന്നവർ ............. ലും ........ ലുമാണ് ആരാധിക്കേണ്ടത് ?
5. രാജസേവകന്റെ മകന്റെ പനി വിട്ടുമാറിയത് എത്രാം മണിക്കൂറിലാണ് ?
6. ജറുസലേമിൽ അജ കവാടത്തിനടുത്തുള്ള കുളം ഏത് ?
7. വിശുദ്ധ ലിഖിതങ്ങൾ നിങ്ങൾ പഠിക്കുന്നു. എന്തെന്നാൽ അവയിൽ ......... ഉണ്ടെന്ന് നിങ്ങൾ വിചാരിക്കുന്നു.
8. ഇവർക്കു ഭക്ഷിക്കുവാൻ നാം എവിടെ നിന്ന് അപ്പം വാങ്ങും? ആര് ആരോട് ചോദിച്ചു ?
9. പിതാവിൽ നിന്നു വരം ലഭിച്ചാലല്ലാതെ എന്റെയടുക്കലേക്കു വരാൻ ആർക്കും സാധിക്കുകയില്ല. അദ്ധ്യായം ? വാക്യം ?
10. ഇതാണ് ദൈവഹിതമനുസരിച്ചുള്ള പ്രവൃത്തി. ഏത് ?
11. തന്നെ രാജാവാക്കാൻ വേണ്ടി ബലമായി പിടിച്ചുകൊണ്ടുപോകാൻ ഭാവിക്കുന്നു എന്ന് കണ്ടപ്പോൾ യേശു ചെയ്തതെന്ത് ?
12. പുത്രനെ കാണുകയും അവനിൽ വിശ്വസിക്കുകയും ചെയ്യുന്നവനാരോ അവന് നിത്യജീവൻ ഉണ്ടാകണമെന്നതും ആരുടെ ഇഷ്ടമാണ് ?
13. എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു. യേശു ഇങ്ങനെ പറഞ്ഞത് എവിടെ വച്ച് ? എപ്പോൾ ?

14. അവിടുന്ന് അയച്ചവനെ നിങ്ങൾ വിശ്വസിക്കാത്തതുകൊണ്ട് അവിടുത്തെ .........നിങ്ങളിൽ വസിക്കുന്നില്ല.
15. യേശു സമരിയാക്കാരോടൊപ്പം എത്ര ദിവസം താമസിച്ചു ?
16. സഭയുടെ സജീവ ശിലകൾ ഏതെല്ലാം ?
17. നമ്മുടെ രക്ഷയ്ക്കാവശ്യമായ രണ്ടുകാര്യങ്ങൾ ഏവ ?
18. റാസക്രമത്തിൽ വി.കുർബാന അർപ്പിക്കുമ്പോൾ ....... വൈദികർ ഉണ്ടായിരിക്കണം ഇല്ലെങ്കിൽ ...........ഉം...........ഉം ഉണ്ടായിരിക്കണം.
19. വിശുദ്ധ കുർബാനയെ കാർലോ വിശേഷിപ്പിച്ചത് എങ്ങനെ ?
20. കാർലോയെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിക്കാൻ കാരണമായ അത്ഭുത സൗഖ്യം ലഭിച്ച ബാലന്റെ പേരെന്ത് ?

## ബൈബിൾ ക്വിസ് – 1 ശരിയുത്തരങ്ങൾ

1. വി.യോഹന്നാന്റെ സുവിശേഷം
2. അടയാളങ്ങളുടെ പുസ്തകം, മഹത്വത്തിന്റെ പുസ്തകം
3. കൃപയും സത്യവും
4. ജോർദാന്റെ അക്കരെ ബഥാനിയായിൽ
5. ഏശയ്യാ പ്രവാചകന്റെ
6. നഥാനയേൽ
7. കഫർണാമിലേക്ക്
8. നാല്പത്താറുവർഷം
9. സങ്കീർത്തനങ്ങൾ 69-ാം അധ്യായം 9-ാം വാക്യം
10. മനുഷ്യനെപ്പറ്റി
11. ബേത്സയ്ദാ
12. രാത്രി
13. യോഹന്നാൻ 3-ാം അധ്യായം 16-ാം വാക്യം
14. അവരുടെ പ്രവൃത്തികൾ തിന്മ നിറഞ്ഞതായിരുന്നു.
15. ദൈവം സത്യവാനാണ്
16. ആരാധിക്കണം
17. മാലാഖമാരേക്കാൾ
18. പുത്രൻ തമ്പുരാൻ
19. പോപ്പുലർ പാർട്ടി
20. ലെയോ 14-ാമൻ മാർപാപ്പ 2025 സെപ്റ്റംബർ 7

## ബൈബിൾ ക്വിസ് – 1

### ആകെ പങ്കെടുത്തവർ 16ശരിയുത്തരമെഴുതിയവർ 11

1. ലിസമ്മ ഐപ്പ്, കല്ലിങ്കൽ
2. എൽസി ടോമി മാറാമറ്റത്തിൽ
3. ജിജി രാജേഷ് പൊന്നുംപുരയിടം
4. എലിസബത്ത് ജോൺ മഞ്ചേരിൽ
5. മറിയക്കുട്ടി ഉലഹന്നാൻ ചെറുപറമ്പിൽ
6. മഞ്ജു ആന്റണി പുത്തൻപുര പുല്ലൻ
7. വൽസ സിറിയക് സ്രായിൽ
8. ബിനി ബെന്നി ആടുകുഴിയിൽ
9. മേരി ജോർജ്ജ് മണ്ണൂർ
10. ലിൻസി ബിജു ചുണ്ടങ്ങായിൽ
11. മോളി ജോൺ പാലാക്കാരൻ

## ബൈബിൾ ക്വിസ് 1 സമ്മാനാർഹർ

1. മേരി ജോർജ്ജ് മണ്ണൂർ
2. മോളി ജോൺ പാലാക്കാരൻ

# വാർഡ് വാർത്തകൾ

## ജന്മദിനാശംസകൾ

### വാർഡ് 1
### നിർമ്മല മാതാ

- സേവ്യർ, ഇഞ്ചക്കപ്പറമ്പിൽ
- ദേവസ്യ, പുത്തൻകുടിയിൽ
- ലിയ, മാഞ്ഞൂരാൻ
- ലീന, നടുത്തോട്ടത്തിൽ
- സോണി, തെക്കേക്കര
- സന്ദീപ് പുൽപ്പറമ്പിൽ
- അലക്സ് സാൻജോഭവൻ

### വാർഡ് 2
### സെന്റ് ജോസഫ്

- ജോബിൻ, നടുത്തോട്ടത്തിൽ
- തോമസ്, കുരികയിൽ
- മോളി, കുരികയിൽ
- മേരി, വർങ്ങലക്കുടിയിൽ
- ബിജു, മാടശ്ശേരിൽ
- എസ്തേർ പുൽത്തകിടിയേൽ

### വാർഡ് 3
### സെന്റ് മേരീസ്

- ജോർജ്, കൊറ്റാൻചേരിൽ
- ജിജി മാത്യു മഠത്തിൽ
- ആനി, വറങ്ങലക്കുടിയിൽ
- ക്രിസ്റ്റി കുടിയാംശേരിൽ
- അമൽ വെണ്ടൻമ്യാലിൽ

### വാർഡ് 4
### ഹോളി ഫാമിലി

- ഷൈനി തെക്കേക്കുന്നേൽ
- ത്രേസ്യാമ്മ പുത്തൻപുരയ്ക്കൽ
- മിനി ചേർക്കോട്ട്
- മറിയക്കുട്ടി ചെറുപറമ്പിൽ
- ബിന്ദു, ഞൂഴുമുറിയിൽ
- അലീന ട്രീസ ഞൂഴുമുറിയിൽ
- ജെസീന്ത മേക്കാട്ടുകുളം
- ഫെഡറിക് മേക്കാട്ടുകുളം
- നിറ്റോ പുത്തൻപുരയ്ക്കൽ
- ടെസ്സ് സജീവ് ഞൂഴുമുറിയിൽ
- ആൻഡ്രൂസ് മാർട്ടിൻ നടാംകുഴി
- നെൽസൺ പഴയമ്പിള്ളിൽ

## വാർഡ് 5
## സെന്റ് ജോർജ്ജ്

- മാത്യു ആക്കപ്പടിക്കൽ
- ജോളിയമ്മ കക്കാട്ടിൽ
- ജിബു ചുണ്ടങ്ങയിൽ
- നിർമ്മല മടേയ്ക്കൽ
- ജിൻസ് നടാംകുഴിയിൽ
- തോമസ് മെതിപ്പാറയിൽ
- എലിസബത്ത് നെല്ലിപ്പിള്ളി
- അനു നെല്ലിപ്പിള്ളിൽ
- ലാലി ചുണ്ടങ്ങയിൽ
- സജി മെതിപ്പാറയിൽ
- ഐറിസ് അന്ന മിഥുൻ റാത്തപ്പിള്ളിൽ
- നീമ മെതിപ്പാറയിൽ
- വൽസ പുളിക്കൽ
- ത്രേസ്യാമ്മ പുത്തൻപുരയിൽ
- എബൽ എബി മെതിപ്പാറ

## വാർഡ് 6
## സെന്റ് ഫ്രാൻസീസ്

- ജോയൽ ചുണ്ടങ്ങയിൽ
- ആൻമേരി ചേരിയിൽ
- ഇമ്മാനുവേൽ കാരിക്കാപ്പറമ്പിൽ
- ജെമ്മ കൊച്ചുപ്ലാക്കിൽ
- ഫിലോമിന കപ്യാരിട്ടയിൽ
- സാബു നെടുംപുറത്ത്
- ഇന്ദു നെടുംപുറത്ത്
- എൽസി പ്ലാക്കിൽ
- കുഞ്ഞുമോൾ പരുവംമുട്ടിൽ
- ജോഷി തോട്ടത്തിൽ
- സൂസി വടക്കുംചേരിയിൽ
- റോസ് ചുണ്ടങ്ങയിൽ

## വാർഡ് 7
## സെന്റ് പീറ്റർ

- സെബാസ്റ്റ്യൻ ഇരമംഗലത്ത്
- പീറ്റർ പുതുശേരി
- ബേബി നടുവിലേകുറ്റ്
- ജെയിംസ് കൊണ്ടാട്ടുപറമ്പിൽ

വാർഡ് 8

## സെന്റ് അഗസ്റ്റിൻ

- ജൂലി വാഴയിൽ
- മത്തായി നെല്ലിപിള്ളിൽ
- ഷെറിൻ കാളാംപറമ്പിൽ
- നേഹ കാളാംപറമ്പിൽ
- രാജി നെല്ലൂർ
- എലിസബത്ത് നെല്ലിപ്പിള്ളിൽ
- ഷെറിൻ നെല്ലിപ്പിള്ളിൽ
- നോഹൻ ജിജി കാട്ടുകുടിയിൽ
- അലക്സ് ചിറാകുളങ്ങര
- റോഷൻ കുഴിപ്പള്ളിൽ

വാർഡ് 9

## ഫാത്തിമ മാതാ

- ഷൈബി താണിമാറ്റത്തിൽ
- പോൾ താണിമറ്റത്തിൽ
- ബിനി ആടുകുഴിയിൽ
- ജോസഫ് വെളിയനാൽ
- കുട്ടിയമ്മ പുതിയാപറമ്പിൽ
- കൊച്ചുറാണി നടുക്കുടിയിൽ
- മീനു കല്ലുങ്കൽ

വാർഡ് 10

## ക്രിസ്തുരാജ്

- ലാലി കാക്കരുകുന്നേൽ
- മിലൻ കടപ്ലാക്കൽ
- ജോസഫ് പൊട്ടയിൽ
- ജോയി കൈനിക്കൽ
- ജോയമ്മ പാറപ്ലാക്കൽ
- അജോ പാറപ്ലാക്കൽ
- നീതു വെളിയപ്പിള്ളിൽ
- ലിസ്സി വെളിയപ്പിള്ളിൽ

# വിവാഹവാർഷികം

## വാർഡ് 1

### നിർമ്മല മാതാ

- ജെയിംസ് & സിസി, കാക്കനാട്ട്
- സോജൻ & ലീന, നടുത്തോട്ടത്തിൽ

## വാർഡ് 2

### സെന്റ് ജോസഫ്

- ജെയിംസ് & ഡെയിസമ്മ, പുൽത്തകിടിയേൽ

## വാർഡ് 3

### സെന്റ് മേരീസ്

- ജോസ് & സുമ, പിട്ടാപ്പിള്ളിൽ
- ജോൺ & എലിസബത്ത്, മഞ്ചേരിൽ
- മാത്യു & ഫാൻസി, വറങ്ങലക്കുടിയിൽ

## വാർഡ് 4

### ഹോളി ഫാമിലി

- ഡേവിഡ് & ലാലി നെടുമ്പുറത്ത്
- ലിജോ & ജെസ്സി മുണ്ടയ്ക്കൽ
- ബെന്നി & ആൻസി പാലക്കോട്ടിൽ

## വാർഡ് 5

### സെന്റ് ജോർജ്ജ്

- സഞ്ജു & സോഫിയ കിഴക്കേൽ
- ജോർജ് & ഓമന നടാംകുഴിയിൽ
- രാജു & നിർമ്മല മെതിപ്പാറയിൽ
- വിൻസന്റ് & ലിസി തെക്കുപുറത്ത്
- ബാബു & സാലി മെതിപ്പാറയിൽ
- ജോൺ & മേരി നെടുംചാലിൽ
- എബിൻ & നിഷ നെടുഞ്ചാലിൽ

**വാർഡ് 6**

## സെന്റ് ഫ്രാൻസിസ്

- ആന്റണി & അനിത കാരിക്കപറമ്പിൽ

**വാർഡ് 7**

## സെന്റ് പീറ്റർ

- തോമസ് & സിസമ്മ നെടുങ്ങാട്ട്

**വാർഡ് 8**

## സെന്റ് അഗസ്റ്റിൻ

- ഷാജി & സജനി പുത്തൻകുടിയിൽ
- ജോസ് & മോനി വാഴയിൽ
- ബിജോ & സിമി പാത്തുംകുളമ്പേൽ

**വാർഡ് 9**

## ഫാത്തിമ മാതാ

- ജോർജ് & കൊച്ചുറാണി നടുക്കുടിയിൽ
- വറുഗീസ് & ഓമന കൊച്ചുതെട്ടിയിൽ

**വാർഡ് 10**

## ക്രിസ്തുരാജ്

- ജോസഫ് & എൽസി പൊട്ടയിൽ

---

## സ്നേഹ സ്മരണയ്ക്ക്



**18-ാം ചരമവാർഷികം.**

**19–11–2025**

**കെ.എം. ജോർജ്ജ്**

**കാരിയ്ക്കാപ്പറമ്പിൽ**



# ദൈവാലയ വായനകൾ

## 2025 നവംബർ

### പള്ളിക്കൂദാശക്കാലം

1 ശ
1 തിമോ 4:1-5
മത്താ 5:38-42
**സകല വിശുദ്ധരുടെ തിരുനാൾ**
1 യോഹ 3:1-3
മത്താ 5:1-12
**സകല മരിച്ചവരുടെയും ഓർമ്മ** (നവംബർ 2)
എസെ 37:1-14
2 മക്ക 12:38-45
1 കോറി 15:51-58
യോഹ 11:17-27

2 ഞാ
**പള്ളിക്കൂദാശക്കാലം**
പുറ 40:17-29, 34-38
ഏശ 6:1-8
1 കോറി 13:1-13
മത്താ 16:13-19

3 തി
യാക്കോ 3:6-12
ലൂക്കാ 20:1-8

4 ചൊ
ഹെബ്രാ 6:1-6
ലൂക്കാ 21:1-4

5 ബു
യാക്കോ 1:19-25
ലൂക്കാ 8:26-39
**വിശുദ്ധ സഖറിയ, വിശുദ്ധ ഏലീശ്വാ**
കൊളോ 1:21-23
ലൂക്കാ 1:5-25

6 വ്യാ
വെളി 3:8-13
മത്താ 9:35-38

7 വെ
**ആദ്യവെള്ളി**
1 പത്രോ 1:13-20
ലൂക്കാ 19:1-10

8 ശ
ശ്ലീഹ 10:9-16
ലൂക്കാ 5:1-11

9 ഞാ
**അടുത്ത ഞായറാഴ്ച സമ്പർക്കമാധ്യമദിനം**
പുറ 40:1-16
1 രാജാ 8:22-29
ഹെബ്രാ 8:1-6
മത്താ 12:1-13

10 തി
2 കോറി 4:11-15
മത്താ 19:16-22

11 ചൊ
1 കോറി 4:1-5
യോഹ 6:47-53

12 ബു
2 കോറി 11:7-15
മർക്കോ 10:28-30

13 വ്യാ
2 കോറി 11:16-21
ലൂക്കാ 10:8-16

14 വെ
ഗലാ 4:12-20
യോഹ 14:1-7

15 ശ
3 യോഹ 5-12
ലൂക്കാ 22:24-30

16 ഞാ
സംഖ്യ 9:15-18
ഏശ 54:1-10
ഹെബ്രാ 9:5-15
യോഹ 2:13-22

17 തി
ഹെബ്രാ 13:9-16
ലൂക്കാ 11:1-4

18 ചൊ
യൂദാ 17-25
ലൂക്കാ 8:1-3

19 ബു
കൊളോ 3:22-25
മത്താ 16:21-28

20 വ്യാ
വെളി 19:5-10
മത്താ 22:1-14

21 വെ വെളി 19:11-16
യോഹ 18:28-37
**പരിശുദ്ധ കന്യാമറിയത്തിന്റെ സമർപ്പണം**
റോമാ 8:26-30
ലൂക്കാ 1:46-55

22 ശ വെളി 21:9-14
ലൂക്കാ 9:10-17

23 ഞാ **മിശിഹായുടെ രാജത്വത്തിരുനാൾ**
1 രാജാ 6:11-19
എസെ 43:1-7
ഹെബ്രാ 9:16-28
മത്താ 22:41-46

24 തി വെളി 4:1-11
മത്താ 6:19-21

25 ചൊ 1 തെസ 4:1-8
മർക്കോ 5:25-34

26 ബു ഹെബ്രാ 1:1-4
മർക്കോ 12:18-27

27 വ്യാ 1 പത്രോ 1:3-7
യോഹ 17:12-19

28 വെ വെളി 14:1-7
ലൂക്കാ 19:45-48

29 ശ 1 പത്രോ 4:1-10
യോഹ 12:37-43
**വിശുദ്ധ അന്ത്രയോസ് ശ്ലീഹാ**
ഉത്പ 28:10-17
സഖ 8:20-23
റോമാ 10:9-18
മത്താ 4:18-22

**മംഗളവാർത്താക്കാലം**

30 ഞാ **ഇന്ന് പാതിരാമുതൽ പിറവിത്തിരുനാൾ വരെ വിവാഹാഘോഷം മുടക്ക്**
ഉത്പ 17:1-5, 15-19
മലാ 2:17-3:5
ഹെബ്രാ 11:1-12
ലൂക്കാ 1:5-20

## 2025 ഡിസംബർ

1 തി **ഇരുപത്തഞ്ച് നോമ്പാരംഭം**
റോമാ 4:1-12
മത്താ 7:21-27

2 ചൊ റോമാ 4:13-21
യോഹ 1:1-8

3 ബു കൊളോ 1:24-29
യോഹ 5:31-36
**വിശുദ്ധ ഫ്രാൻസിസ് സേവ്യർ**
നിയ 26:16-19
ഏശ 45:20-24
2 കോറി 6:3-10
മർക്കോ 6:7-13

4 വ്യാ റോമാ 9:30-33
ലൂക്കാ 1:21-25

5 വെ **ആദ്യവെള്ളി**
യാക്കോ 1:22-27
മത്താ 5:1-12

6 ശ 1 യോഹ 4:7-12
യോഹ 3:16-21
**വി. അംബ്രോസ്**
നിയ 7:1-11
പ്രഭാ 15:1-6
2 തിമോ 4:1-8
ലൂക്കാ 14:25-3

7 ഞാ ഉൽപ 3:8-24
ജറേ 33:14-26
വെളി 5:1-5
ലൂക്കാ 1:26-38

# വാർഡ് പ്രാർത്ഥന ഭവനങ്ങൾ

**വാർഡ് പ്രാർത്ഥന വചനഭാഗം. വി. മത്തായി 16:13-28**

| വാർഡ് | ഭവനം | തീയതി | ദിവസം | സമയം |
|---|---|---|---|---|
| 1 | സോണി തെക്കേക്കര | 01.11.2025 | ഒന്നാം ശനി | 6.30 pm |
| 2 | മേരി വറങ്ങലക്കുടിയിൽ | 02.11.2025 | ഒന്നാം ഞായർ | 6.30 pm |
| 3 | ജോണി അടപ്പൂർ | 09.11.2025 | രണ്ടാം ഞായർ | 6.00 pm |
| 4 | ബെന്നി പാലക്കോട്ടിൽ | 09.11.2025 | രണ്ടാം ഞായർ | 6.45 pm |
| 5 | പി.ഡി. ജോയി പുളിക്കൽ | 16.11.2025 | മൂന്നാം ഞായർ | 6.30 pm |
| 6 | സേവി കാരിക്കാപ്പറമ്പിൽ | 08.11.2025 | രണ്ടാം ശനി | 6.30 pm |
| 7 | ജോസഫ് പുത്തനങ്ങാടി | 15.11.2025 | മൂന്നാം ശനി | 6.30 pm |
| 8 | ബൈജി കാളാംപറമ്പിൽ | 23.11.025 | നാലാം ഞായർ | 6.00 pm |
| 9 | ജോസ് കാവുംപുറത്ത് | 23.11.2025 | നാലാം ഞായർ | 6.45 pm |
| 10 | ജോർജ് കാവാട്ട് | 23.11.2025 | നാലാം ശനി | 6.30 pm |

## വിശുദ്ധ ഗ്രന്ഥവായനകൾ

| തീയതി | സമയം | പഴയനിയമം | ലേഖനം |
|---|---|---|---|
| 09.11.2025 | 5.30 am | ജോസഫ് പീച്ചാട്ട് | ജോസ് വെണ്ടർമ്യാലിൽ |
| | 7.00 am | റോസ്മി ചെറായിൽ | തങ്കച്ചൻ ചേരിയിൽ |
| 16.11.2025 | 5.30 am | ജോൺസൺ വെണ്ടർമ്യാലിൽ | ജയിംസ് വടക്കേൽ |
| | 7.00 am | ജിംസി ഊട്ടുകളത്തിൽ | സെലിൻ കണ്ണിക്കാട്ട് |
| 23.11.2025 | 5.30 am | ജോർജ്ജ് തെക്കുംപുറം | ജോർജ്ജ് നടുക്കുടിയിൽ |
| | 7.00 am | ഷെഫി നടുത്തോട്ടത്തിൽ | മാത്യു ഊട്ടുകളത്തിൽ |
| 30.11.2025 | 5.30 am | ജോസ് തലയ്ക്കൽ | ജോസഫ് പീച്ചാട്ട് |
| | 7.00 am | തങ്കച്ചൻ ചേരിയിൽ | റോസ്മി ചെറായിൽ |
| 07.12.2025 | 5.30 am | ജയിംസ് വടക്കേൽ | ജോൺസൺ വെണ്ടർമ്യാലിൽ |
| | 7.00 am | സെലിൻ കണ്ണിക്കാട്ട് | ജിംസി ഊട്ടുകളത്തിൽ |

## സ്നേഹ സ്മരണയ്ക്ക്

22-11-2025

2-ാം ചരമവാർഷികം.




**മേരി ജെയിംസ്**
**നെല്ലിപ്പിള്ളിൽ (തെക്കേക്കര)**

## സ്നേഹ സ്മരണയ്ക്ക്

30-11-2025

11-ാം ചരമവാർഷികം.



**കെ.എം. സേവ്യർ**
**കാരിക്കപ്പെറമ്പിൽ**

## സ്നേഹ സ്മരണയ്ക്ക്    15-11-2025

**26-ാം ചരമവാർഷികം.**



# കുഞ്ഞച്ചൻ (ജോസഫ് )

**മാഞ്ഞൂരാൻ**

## സ്നേഹ സ്മരണയ്ക്ക്    26-11-2025

**15-ാം ചരമവാർഷികം.**



# ചിന്നമ്മ പത്രോസ്

**പുത്തൻകുടിയിൽ**

## സ്നേഹ സ്മരണയ്ക്ക്

25-11-2025

**6-ാം ചരമവാർഷികം**



**അന്നക്കുട്ടി എബ്രാഹം**
**കളപ്പുരയ്ക്കൽ**
**(തോട്ടുമാരിക്കൽ)**

## സ്നേഹ സ്മരണയ്ക്ക്

07-11-2025

**8-ാം ചരമവാർഷികം**



**മേരി ജോസഫ്**

**വടക്കുംതല**

## സ്നേഹ സ്മരണയ്ക്ക് 15-11-2025

**16-ാം ചരമവാർഷികം**



**ഏലിശ്വ മത്തായി**

**പരവര**

**പൂണിത്തുറ**

## സ്നേഹ സ്മരണയ്ക്ക് 26-11-2025

**21-ാം ചരമവാർഷികം**



**പൈലി പൈലി**

**മെതിപ്പാറയിൽ**

## സ്നേഹ സ്മരണയ്ക്ക് 15-11-2025

**2-ാം ചരമവാർഷികം.**



**ഫാ. തോമസ്**
**പെരിയപ്പുറം**


## സ്നേഹ സ്മരണയ്ക്ക് 22-10-2025



**സി. മരിയ** SABS

## സ്നേഹ സ്മരണയ്ക്ക് 05.11.2025

4-ാം ചരമവാർഷികം



**സി. ഒ. വർഗീസ് (കുഞ്ഞേട്ടൻ)**

**ചുണ്ടങ്ങയിൽ**


## സ്നേഹ സ്മരണയ്ക്ക് 20.11.2024

6-ാം ചരമവാർഷികം.



**സി.എ. ഐപ്പ്**

**ചുണ്ടങ്ങയിൽ**




**CBSE-സെൻട്രൽ കേരള സഹോദയ കലോത്സവത്തിൽ**
**ഹാട്രിക് വിജയം നേടിയ**
**നിർമ്മല പബ്ലിക് സ്കൂളിന്**

## *അഭിനന്ദനങ്ങൾ...*